167 (2482) നിയമവകുപ്പിൽ അസിസ്റ്റന്റ് ഗ്രേഡ് - 2 നിയമനത്തിലെ സംവരണം

ശ്രീ. കെ.സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സെക്രട്ടേറിയറ്റിലെ നിയമവകുപ്പിൽ ട്രാൻസ്ഫർ മുഖേന അസിസ്റ്റന്റ് ഗ്രേഡ് - 2 തസ്തികയിൽ നിയമനം നടത്തുമ്പോൾ പട്ടികജാതി-പട്ടികവർഗ്ഗ-പിന്നോക്ക വിഭാഗങ്ങളിലെ ഉദ്യോഗാർത്ഥികൾക്ക് ഭരണഘടന അനുശാസിക്കുന്ന പ്രകാരത്തിലുള്ള സംവരണ പ്രകാരം നിയമനം നൽകാറുണ്ടോ; എങ്കിൽ വിശദവിവരം വ്യക്തമാക്കുമോ;

(ബി) സംവരണ പ്രകാരമുള്ള നിയമനം നൽകാറില്ലെങ്കിൽ കാരണം വ്യക്തമാക്കുമോ;

(സി) ട്രാൻസ്ഫർ മുഖേന നിയമവകുപ്പിന്റെ അസിസ്റ്റന്റ് ഗ്രേഡ്- 2 തസ്തികയിൽ ഇതിന് മുമ്പ് നടത്തിയ നിയമനങ്ങളിൽ എത്ര പേരെ നിയമിച്ചിട്ടുണ്ട്; ഇതിൽ എസ്.സി/എസ്.ടി വിഭാഗത്തിൽപ്പെടുന്നവർ എത്ര പേർ; പിന്നോക്ക വിഭാഗത്തിൽപ്പെടുന്നവർ എത്രപേർ; ഓരോ തവണ നടത്തിയ നിയമനങ്ങളുടെയും വിശദവിവരം ലഭ്യമാക്കുമോ;

(ഡി) സംസ്ഥാന സെക്രട്ടേറിയറ്റിലെ നിയമവകുപ്പിൽ എത്ര ഉദ്യോഗസ്ഥർ ജോലി ചെയ്യുന്നുണ്ട് എന്ന് വ്യക്തമാക്കുമോ; ഇതിൽ എസ്.സി/എസ്.ടി വിഭാഗത്തിൽപ്പെട്ടവർ എത്ര; പിന്നോക്ക വിഭാഗത്തിൽപ്പെടുന്നവരെത്ര; ഓരോ തസ്തിക തിരിച്ച് വിശദവിവരം വെളിപ്പെടുത്തുമോ;

(ഇ) തസ്തികമാറ്റം വഴിയുള്ള അസിസ്റ്റന്റ് ഗ്രേഡ് - 2 നിയമനത്തിന് നടത്താനിരിക്കുന്ന പരീക്ഷക്ക് ആകെ എത്ര അപേക്ഷകർ ഉണ്ട്;

(എഫ്) ഇതിൽ എസ്.സി/എസ്.ടി വിഭാഗത്തിൽപ്പെടുന്നവർ എത്ര; പിന്നോക്ക വിഭാഗത്തിൽപ്പെടുന്നവർ എത്ര; മറ്റുള്ളവർ എത്ര; വിശദവിവരം വ്യക്തമാക്കുമോ;

(ജി) നിയമവകുപ്പ് സെക്രട്ടേറിയറ്റിൽ നിലവിൽ ഏതെല്ലാം തസ്തികകളിൽ എത്ര ഒഴിവുകളിൽ നിയമനം നടത്താനുണ്ട്; വിശദവിവരം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) സെക്രട്ടേറിയറ്റിലെ നിയമവകുപ്പിൽ ട്രാൻസ്ഫർ മുഖേന ലീഗൽ അസിസ്റ്റന്റ് ഗ്രേഡ് -2 തസ്തികയിൽ നിയമനം നടത്തുമ്പോൾ സംവരണപ്രകാരം നിയമനം നൽകാറില്ല.

(ബി) ടി തസ്തികയിൽ ട്രാൻസ്ഫർ മുഖേന നിയമിക്കപ്പെടുന്നവരുടെ ആദ്യനിയമനം സംവരണമനുസരിച്ചായതിനാൽ രണ്ടാമത് സംവരണാനുകൂല്യം നൽകേണ്ടതില്ലാത്തതിനാലാണ് വീണ്ടും സംവരണം നൽകാത്തത്.

(സി) 31-10-89 മുതൽ 3-10-99 വരെ 54 പേരെ ലീഗൽ അസിസ്റ്റന്റ് ഗ്രേഡ് -2 തസ്തികയിൽ നിയമിച്ചിട്ടുണ്ട്. 31-10-89 മുതൽ 6-11-1992 വരെ 20 പേരെ നിയമിച്ചു. അതിൽ പിന്നോക്ക വിഭാഗത്തിൽപ്പെടുന്ന 9 പേരുണ്ട്. പട്ടികജാതി-പട്ടികവർഗ്ഗക്കാരില്ല. 30-10-97 മുതൽ 3-10-98 വരെ 34 പേരെ നിയമിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

അതിൽ 16 പേർ പിന്നോക്ക വിഭാഗക്കാരും രണ്ടുപേർ പട്ടികജാതിക്കാരുമാണ്. പട്ടികവർഗ്ഗക്കാരില്ല.

(ഡി) നിയമവകുപ്പിൽ അദർഡ്യൂട്ടി/ഡപ്യൂട്ടേഷൻ ആയി ജോലി ചെയ്യുന്ന 25 ലീഗൽ അസിസ്റ്റന്റുമാരുൾപ്പെടെ, 297 പേർ ജോലി ചെയ്യുന്നുണ്ട്. അതിൽ 161 പിന്നോക്ക വിഭാഗക്കാരും, 35 പട്ടികജാതിക്കാരും ഉണ്ട്. പട്ടിക വർഗ്ഗക്കാരില്ല.

(ഇ) തസ്തികമാറ്റം വഴിയുള്ള ലീഗൽ അസിസ്റ്റന്റ് പരീക്ഷയ്ക്ക് ആകെ 219 അപേക്ഷകർ ഉണ്ട്.

(എഫ്) അപേക്ഷകളിൽ ജാതി രേഖപ്പെടുത്താത്തതിനാൽ ഈ വിവരം ലഭ്യമല്ല.

(ജി) ലീഗൽ അസിസ്റ്റന്റുമാരുടെ അഞ്ചു ഒഴിവുകളിൽ നിയമനം നടത്താനുണ്ട്. ടി ഒഴിവുകൾ പി.എസ്.സി. ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അസിസ്റ്റന്റ് തമിഴ് ട്രാൻസ്ലേറ്ററുടെ ഒരു ഒഴിവിൽ നിയമനം നടത്താനുണ്ട്. അത് പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിരിക്കുകയാണ്. കോൺഫിഡൻഷ്യൽ അസിസ്റ്റന്റുമാരുടെ രണ്ട് ഒഴിവുകളിൽ നിയമനം നടത്താനുണ്ട്. അതും പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

168 (2483) പകർച്ചവ്യാധികൾ തടയുന്നതിന് ദ്രുതകർമ്മസംഘം

ശ്രീ. ആന്റണി രാജു :
ശ്രീ. മോൻസ് ജോസഫ് :
ശ്രീ. പി.സി. ജോർജ്ജ് :
ഡോ. കെ.സി. ജോസഫ് :
ശ്രീ. ടി.എസ്. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പകർച്ചവ്യാധികൾ അടിയന്തിരമായി തടയുന്നതിന് ജില്ലാ അടിസ്ഥാനത്തിൽ ദ്രുതകർമ്മസംഘത്തെ രൂപീകരിക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദാംശം വെളിപ്പെടുത്തുമോ;

(ബി) സംസ്ഥാനത്തിന്റെ ചില ഭാഗങ്ങളിൽ മഞ്ഞപിത്തബാധ ഉണ്ടായിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ;

(സി) ഇതിനെതിരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ഡി) മഞ്ഞപിത്തബാധ വ്യാപകമാകാതിരിക്കാൻ എന്തെല്ലാം മുൻകരുതലുകൾ എടുക്കുവാൻ ഉദ്ദേശിക്കുന്നു;

(ഇ) ഇടയ്ക്കിടെയുണ്ടാകുന്ന പകർച്ചവ്യാധികളുടെ വെളിച്ചത്തിൽ 'ദേശീയ രോഗനിരീക്ഷണപരിപാടി' സംസ്ഥാനത്ത് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(എഫ്) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) പകർച്ചവ്യാധികൾ അടിയന്തിരമായി നേരിടുന്നതിന് ജില്ലാടിസ്ഥാനത്തിൽ ദ്രുതകർമ്മ സംഘത്തെ രൂപീകരിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. പ്രാരംഭമായി ആലപ്പുഴ, കോട്ടയം, കോഴിക്കോട്, എറണാകുളം എന്നീ ജില്ലകളിൽ ഈ പരിപാടി ആരംഭിച്ചു കഴിഞ്ഞു. ഘട്ടംഘട്ടമായി മറ്റു ജില്ലകളി

LIBRARY ARCHIVES Kerala Legislative Assembly